LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ വർഷം 87 പേർ കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും രാജി വച്ചിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.യിൽ നിലവിൽ ജോലി നോക്കുന്ന വിമുക്തഭടന്മാരുടെ എണ്ണം 632 ആണ്. ഇതിന്റെ വിശദവിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ആറുമാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഇ.-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ രൂപീകരിക്കുന്നത്. കാലാകാലങ്ങളിൽ കമ്പനി മാനേജ്മെന്റും ജീവനക്കാരുടെ യൂണിയൻ പ്രതിനിധികളുമായി ഏർപ്പെടുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലും പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലുമാണ് ഇത് നിർണ്ണയിക്കുന്നത്. ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവില്ല.

ഗ്രാമ കോടതികൾ

94 (3200) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. വി. ശശി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സമയത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് 1-3-2011-ലെ സ. ഉ. (കൈ.) നമ്പർ 86/11/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 2-2-2016 തീയതിയിലെ സ. ഉ. (കൈ) നമ്പർ 39/16/ആഭ്യന്തരം പ്രകാരം ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുവാൻ 1-3-2011-ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ച നാല് സ്ഥലങ്ങളിൽ മാറ്റം വരുത്തി ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ആയതിൽ കൊല്ലം ജില്ലയിൽ ചടയമംഗലത്ത് 20-2-2016-ന് സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമന്യായാലയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 2008-ലെ ഗ്രാമന്യായാലയാസ് ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനായി അനാവർത്തന ചെലവിനത്തിൽ 18 ലക്ഷം രൂപ വഹിക്കുന്നതാണ്. കൂടാതെ ആവർത്തന ചെലവിനത്തിൽ 6.4 ലക്ഷം രൂപ ശമ്പളത്തിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി മൂന്ന് വർഷത്തേയ്ക്ക് പങ്കിടുന്നതാണ്.

(സി) ഗ്രാമന്യായാലയം സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

മനുഷ്യാവകാശ കമ്മീഷൻ

95 3202. ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷനിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നതിലേക്കായി സർക്കാരിന്റെ പരിഗണനയിലുള്ള 13949/H3/2015/Law നമ്പർ ഫയലിൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡെപ്യൂട്ടേഷൻ ഫയലിൽ എന്നത്തേക്ക് അന്തിമ ഉത്തരവുണ്ടാവുമെന്ന് വ്യക്തമാക്കാമോ;

(സി) മനുഷ്യാവകാശ കമ്മീഷനിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്താതിരിക്കുന്നത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly